ഒരു ലിറ്റിൽ കൈറ്റ്സ്
പ്രസിദ്ധീകരണം

# INSIGHT

## ഉൾക്കാഴ്ച

C.H.S.S
CHATTANCHAL

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റേർസ്

**മണികണ്ഠദാസ് . പി**

പ്രിൻസിപ്പൽ

**പി. കെ. ഗീത**

വൈസ് പ്രിൻസിപ്പൽ

## സ്റ്റാഫ് എഡിറ്റർ

**പ്രമോദ് കുമാർ .കെ**

SITC & KITE MASTER

## കോർഡിനേറ്റർ

**ഷീബ . ബി. എസ്**

KITE MISTRESS

## അംഗങ്ങൾ

**1.ജിഷ്ണ. കെ**
**2.നിഖിൽ**
**3.മാത്യു ജോ അർണോൾഡ്**
**4.നമിത്ത് എസ് രാജ്**
**5.അക്ഷയ് കുമാർ എൽ. പി**
**6. സനോജ്**
**7. ഷാരോൺ**

## കവർ ഡിസൈൻ

**ജിഷ്ണ. കെ**

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



# സന്ദേശം



ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ INSIGHT എന്ന ഇ- മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പാഠപുസ്തകത്തിനപ്പുറം സർഗാത്മകതയുടെ വിശാലമായ ലോകം സൃഷ്ടിക്കുവാനും സാങ്കേതികതയുടെ നൂതന മേഖലയിൽ വൈദഗ്ധ്യം തെളിയിക്കുവാനും ഇതിലൂടെ കുട്ടികൾക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു .

**കെ. മൊയ്തീൻ കുട്ടി ഹാജി**
**മാനേജർ**
CHSS ചട്ടഞ്ചാൽ

# സന്ദേശം



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന INSIGHT ഇ- മാഗസിന് ആദ്യം തന്നെ എല്ലാ ഭാവുകങ്ങളും നേരുന്നു. സർഗ്ഗ വാസനയുടെ വ്യാപനത്തിന് വേണ്ടുന്ന എല്ലാ വിഭവങ്ങളും പഠന പ്രവർത്തങ്ങൾക്കൊപ്പം ഒരുക്കേണ്ടത് കാലത്തിന്റെ ആവശ്യവുമാണ്. അതുകൊണ്ടു തന്നെ പുത്തൻ ഡിജിറ്റൽ ലോകത്തേക്ക് അക്ഷരങ്ങളുടെ വർണ്ണ വിസ്മയമൊരുക്കാൻ കുട്ടി പ്രതിഭകൾക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

**മുഹമ്മദ് കുഞ്ഞി കടവത്**
**പി.ടി.എ പ്രസിഡണ്ട്**
**CHSS ചട്ടഞ്ചാൽ**

# സന്ദേശം



പാഠ പുസ്തകത്തിനപ്പുറത്തേക്കുള്ള വിശാലമായ ലോകത്തേക്ക് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിൽ സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് സംരംഭമായി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ സന്തോഷമുണ്ട് . സാമൂഹ്യ മാധ്യമങ്ങളുടെ കടന്നു വരവ് സർഗാത്മക സാധ്യതകൾ വർധിപ്പിക്കാനും കുട്ടികളുടെ വളർച്ചയിൽ സ്വാധീനമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള സർഗ്ഗ വാസനകളുടെ വ്യാപനത്തിന് വേണ്ടുന്ന ഒരു സംരംഭം എന്ന നിലക്ക് പ്രകാശിതമാവുന്ന INSIGHT ഇ - മാഗസിന് എല്ലാ ആശംസകളും നേരുന്നു.

**മണികണ്ഠ ദാസ്**
**പ്രിൻസിപ്പൽ**
CHSS ചട്ടഞ്ചാൽ

# സന്ദേശം



ഡിജിറ്റൽ യുഗത്തിൽ നൂതന സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനിടയിൽ വായനയുടെയും അക്ഷരങ്ങളുടെയും ലോകത്തേക്ക് ഒരു ഇ – മാഗസിനിന്റെ കടന്നു വരവ് തികച്ചും സന്തോഷകരമായ കാര്യമാണ്. കാലം മാറുന്നതിനനുസരിച് ജീവിതവും സമീപനവും മാറുമ്പോൾ കുട്ടികളും വായനയ്ക്ക് പുതിയ മാർഗങ്ങൾ കണ്ടെത്തട്ടെ എന്നാശംസിക്കുന്നു.

**പി. കെ. ഗീത**
വൈസ് പ്രിൻസിപ്പൽ
CHSS ചട്ടഞ്ചാൽ

# എഡിറ്റോറിയൽ



പാഠപുസ്തകങ്ങളിൽ ചിട്ടപെടുത്തിയിരിക്കുന്ന കേവലമായ അറിവുകൾ-ക്കപ്പുറം സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി പൊതുവിദ്യാലയങ്ങളിൽ പ്രവൃത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് മഹത്തായ പങ്ക് വഹിക്കുന്നു. വിദ്യാർത്ഥികളിൽ ക്രിയാത്മകമായ ഐ.ടി വിജ്ഞാനം പരിപോഷിപ്പിക്കാനും വിവര സാങ്കേതിക വിദ്യയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനും ഇതിന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലൂടെ കുട്ടികളുടെ സർഗാത്മക വായനകളെ പരിപോഷിപ്പിക്കാനും, സാഹിത്യാഭിരുചി വളർത്തിയെടുക്കാനും അതിലുപരി കുട്ടികളുടെ വായനാശീലം വർധിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളിൽ സാഹിത്യപരമായ ചിന്തകൾ ഉണർത്തുന്നതിനും അതു വഴി പുതിയ സാഹിത്യസൃഷ്ടികളുടെ പിറവിക്ക് നാന്ദിക്കുറിക്കുന്നതിനും ഈ സംരംഭം സഹായിക്കുമെന്ന് പ്രത്യാശിക്കുകയാണ്. അക്ഷരങ്ങൾക്ക് വർണവിസ്മയം നൽകിയും സർഗവാസനയ്ക്ക് ഡിജിറ്റൽ രൂപം നൽകിയും ഒരുക്കിയ ഈ സർഗാത്മക വിരുന്നു ആസ്വദിക്കാൻ എല്ലാവരെയും ക്ഷണിക്കുന്നു. പരന്ന വായനയുടെ ലോകത്തേക്ക് സമൂഹത്തിനൊരു ഉൾക്കാഴ്ച നൽകാൻ , വരും തലമുറയ്ക്ക് ഡിജിറ്റൽ ലോകത്തേക്ക് പ്രചോദനമുണ്ടാക്കാൻ ഉൾക്കാഴ്ച എന്നർത്ഥം വരുന്ന **INSIGHT** എന്ന ഇ-മാഗസിൻ സ്നേഹപൂർവം സമർപ്പിക്കുന്നു.

**കെ. പ്രമോദ് കുമാർ**
**സ്റ്റാഫ് എഡിറ്റർ**

## ഉള്ളടക്കം

നാദം .............................................. 10
പുതു വത്സര സമ്മാനം .............................................. 11
സപ്ത ഭാഷകൾ കോർത്തിണക്കി... .............................................. 15
വളരുന്ന ലോകവും മാറുന്ന മനുഷ്യനും .............................................. 17
വൻ മതിലിൽ ഒരു മഞ്ഞു കാലത്ത് .............................................. 19
ലോകം ഒരു ടച്ച് അകലത്തിൽ .............................................. 23
അക്ഷരത്തെറ്റ് .............................................. 25
ബാല കൈകാര്യം .............................................. 26
ഭൂമിയുടെ രോദനം .............................................. 27
പദക്കസർത്ത് .............................................. 28
ചിത്ര താളുകളിലൂടെ .............................................. 32

English Setion

My home .............................................. 48
The mangoes .............................................. 49
Spice garden .............................................. 50
Father to son .............................................. 52
Far from the maddy crowd .............................................. 53
Fear- let me love you ..............................................60

# നാദം

ഒറ്റമശ്യഖയിൽ നിന്ന് ഉയരും നാദം
പാദസ്വരക്കാദോചകളിൽ വർണിതമാണ്
ഒറ്റകൈകാര്യ സംസ്കാരമേ
എന്നു നീ ഉണർന്നേൽക്കും
മനസ്സിൽ വർണിതമായി നദിയായി
ഒഴുകും നാദമേ
പുണർസ്വരമായി തിളങ്ങുന്ന നീ
മനസാക്ഷിയുടെ താളമായി എങ്ങനെ മാറുന്നു?



ആടി ഉല്ലസിക്കുന്ന നിന്റെ നാദങ്ങളിൽ
ഭ്രമിമാതാവിനും ഏറെ സന്തോഷമാണ്
നാദത്തിന്റെ മനോഹരമായ ചിന്തയിൽ
ചിത്തം മായുന്ന മനസ്സ് ആടി ഉല്ലസിക്കുന്നു
നാദമേ പറയരുതേ മനസ്സോ വഴി മാറരുതേ
മൃദനദിയിൽ മീട്ടും നാദമേ
മൃദ്ധമായ സ്വരത്തിൽ വർണ്ണിതമായ നാദം
മനസ്സിന്റെ നാദമേ എന്നും എൻ കൂടെ ഉണരും നീ
പുതുതലമുറയ്ക്ക് ആവിഷ്കാരമാണ്

അനഘ.എം

10 L

# പുതുവത്സരസമ്മാനം

ഒരു തണുപ്പുള്ള വൈകുന്നേര സമയം. എല്ലാ വീടുകളും പുതുവർഷത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലാണ്.തോരണങ്ങളും കുഞ്ഞ് വിളക്കുകളും മറ്റ് ആലങ്കാരിക വസ്തുക്കളും സമ്മാനപ്പൊതികളുമൊക്കെ എല്ലാ വീടുകളിലും തയ്യറാക്കിവെച്ചിരുന്നു. കുട്ടികൾ എല്ലാവരും മതിമറന്ന് ഉല്ലസിക്കുകയാണ്. ഇതെല്ലാം കണ്ടും കേട്ടും അവൾ ആൾക്കൂട്ടത്തിനിടയിൽ തണുത്ത് വിറച്ചുകൊണ്ട് എന്തോ വിൽക്കുകയാണ്. അവൾ ആർത്തുവിളിക്കുന്ന കുട്ടിക്കൂട്ടത്തിനും അവിടെയുണ്ടായിരുന്ന മറ്റാളുകൾക്കിടയിൽ വ്യത്യസ്ഥയായി കാണപ്പെടുന്നു. മുഷിഞ്ഞ ഒരു കുട്ടിയുടുപ്പാണ് അവളുടെ വേഷം. മുടിയിഴകൾ ഒരു പിഞ്ഞിക്കീറിയ തലയണയിലെ പഞ്ഞിപ്പോലെ മൃദുലും കുരുക്കുവീണ ഒരു പരുത്തിനൂൽകെട്ട് പോലെ ഉണ്ടായിരുന്നു. തോളിൽ ഒരു പഴയ സഞ്ചിയുണ്ട്. കാലുകൾ നഗ്നമാണ്. അവളുടെ പല്ലുകൾ തമ്മിൽ തണുപ്പത്ത് കൂട്ടിയിടിക്കുന്ന ശബ്ദം അവൾക്ക് അത് കേൾക്കാനും മറ്റൊരാൾക്ക് അത് കാണാനും കഴിയുന്നുണ്ടായിരുന്നു.

"അവൾക്ക് ഏകദേശം പതിനൊന്ന് വയസ്സ് കാണും",മാർക്കോ കൂടെയുണ്ടായിരുന്ന ഫിലിപ്പിനോട് പറഞ്ഞു. എന്തൊക്കെയോ നേടിയതുപോലെ ഫിലിപ്പിന്റെ മുഖം ഒന്ന് വികസിച്ചു. ഏറെ നാളുകൾക്കു ശേഷം ദുഃഖം കലർന്ന ആ മുഖത്ത് ഒരു ചെറുപുഞ്ചിരിയുണ്ടായതുപോലെ തോന്നി. ഫിലിപ്പ് പതിഞ്ഞ ഒരു ശബ്ദത്തിൽ മാർക്കോയോട് ഏതോ അധികാരത്തിന്റെ പേരിലെന്നപോലെ ചോദിച്ചു,"എന്തിനാ അവളെ ആ തണുപ്പത്ത് ഒരു പുതപ്പുപോലുമില്ലാതെ വിൽപ്പനയ്ക്കയച്ചത് മാർക്കോ?" പ്രധിഷേദഭാവത്താൽ മാർക്കോയെ തുറച്ചുനോക്കുന്ന ഫിലിപ്പിനോട് ഏറെ നേരം ആ നോട്ടം സഹിക്കാൻ വയ്യ എന്ന ഉദ്ദേശത്തോടെ തന്റെ തെറ്റ് മറ്റൊരാളിലേക്ക് ചാർത്താൻ വേണ്ടിയായി പറഞ്ഞു,

"എനിക്കവളെ തണുപ്പത്ത് നിർത്താൻ ഒരാഗ്രഹവുമില്ല.... അത് പിന്നെ ഗ്രേറ്റയ്ക്ക് പുതുവത്സരത്തിന് അവളാഗ്രഹിച്ച ഒരു പാവക്കുട്ടിയെ വാങ്ങണം അതിന് കുറച്ചധികം പണം വേണം. അത് കൊണ്ടാണ് ഞാൻ.... മനസ്സുണ്ടായിട്ടല്ല,പിന്നെ മാർഗ്രറ്റ് നിർബന്ധിച്ചപ്പോൾ... ഇത് പറയുമ്പോൾ മാർക്കോയുടെ മുഖത്ത് ലജ്ജ പ്രകടമായിരുന്നു.

റോഡ് മുഴുവൻ മഞ്ഞിനാൽ മൂടപ്പെട്ടിരുന്നു. മഞ്ഞ് നിറഞ്ഞ ആ റോഡിന്റെ ഒരറ്റത്ത് അവളും മറ്റേ അറ്റത്ത് ഒരു റോഡിനോട് ചേർന്ന വീട്ടുവരാന്തയിൽ ഫിലിപ്പും മാർക്കോയും. "ഇന്ന് അർധരാത്രിയോടെ പിതുവർഷപ്പിറവിയാണ്". എന്തോക്കെയോ ചെയ്തു തീർക്കാനുള്ള ധൃതിയിൽ ഫിലിപ്പ് പെരുമാറികൊണ്ട് പറഞ്ഞു. അയാളുടെ ആ പെരുമാറ്റം കണ്ട് മാർക്കോ ഉടൻ വരാം എന്ന സൂചന ഫിലിപ്പിന് നൽകിയിട്ട് അകത്തേക്ക് പോയി. ആ സമയം ഫിലിപ്പ് തന്റെ കീഴിയിൽ നിന്നും ഒരു പേനയും ഒരു മങ്ങിയ മഞ്ഞനിറം കലർന്ന വെള്ളകടലാസ് പുറത്തെടുത്ത് വേഗത്തിൽ എന്തൊക്കെയോ കുറിച്ചു. മാർക്കോ അകത്തുനിന്ന് വരുമ്പോഴേക്കും ഫിലിപ്പിന് എഴുതിക്കഴിഞ്ഞിരുന്നു. മാർക്കോയുടെ ഒരു കൈയിൽ ഫിലിപ്പിനു തിരിച്ചു നൽകേണ്ട ഒരു വലിയ തുകയും മറ്റേ കൈയിൽ കുഞ്ഞുഗ്രേറ്റയും ഉണ്ടായിരുന്നു. അപ്പോഴേക്കും മാർക്കോ കൊടുത്തയച്ച പേന വിൽപ്പന കഴിഞ്ഞ് അവൾ മടങ്ങിയിരുന്നു. പെട്ടെന്നു തന്നെ നാർക്കോയെ ഫിലിപ്പ് ഒന്നു നോക്കി. ആ നോട്ടത്തിൽ പലതും ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു.

മാർക്കോ ഒരു മിഠായി ഗ്രേറ്റയെ ഏൽപ്പിച്ചു. എന്നിട്ട് അവളോട് അകത്തുപോയി കളിക്കാൻ ആവശ്യപ്പെട്ടു. മാർക്കോ കൈയിലുണ്ടായിരുന്ന പണക്കീഴി വരാന്തയിലെ ചെറിയ ഒരു മേശപ്പുറത്ത് നച്ചു. ഫിലിപ്പ് വരാന്തയിലെ കസേരയിൽ ഇരുന്നു. മാര്ഡകകോ അപ്പോൾ പറഞ്ഞു"ഞങ്ങൾക്ക് മറിയത്തിനെ കിട്ടുന്നത് അഞ്ചു വർഷങ്ങൾ

ക്ക് മുമ്പാണ്. അവളെ ആർക്കോ നഷ്ടപ്പെട്ടതാണ്. കുറെ അന്വേഷിച്ചു. അന്വേഷണങ്ങൾ ഒന്നും ഫലം കണ്ടില്ല. ഞാൻ അന്വേഷിച്ച രീതി ശരിയല്ലാഞ്ഞിട്ടോ അതോ, അവളുടെ മാതാപിതാക്കളുടെ അന്വേഷണം വഴിമാറിപ്പോയതിനാലാ-ണോ എന്തോ? ആദ്യകാലങ്ങളിൽ അവളെ ഞങ്ങൾക്ക് ഇഷ്ടമായിരുന്നു, പക്ഷെ ചിലവുകൾ ഏറി വന്നപ്പോൾ അവളെ ഇങ്ങനെയോരോ ജോലിക്കയക്കും. പിന്നെ അവളെ ഒരു പുതുവത്സരപുലരിക്ക് കിട്ടിയതാണ്. ചെറിയ കുട്ടിയായതുകൊണ്ട് ചില ആളുകൾ സാധനത്തേക്കാൾ കൂടുതൽ പണം കൊടുക്കും". മാർക്കോ ഫിലിപ്പിനെ ഒന്ന് നോക്കിയിട്ട് തുടർന്നു,"അല്ല, നിന്റെ കുഞ്ഞിനേയും നഷ്ടപ്പെട്ടതുതന്നെയല്ലേ?" ഫിലിപ്പിന്റെ മുഖത്ത് ചെറിയ പ്രതീക്ഷയുണ്ടെങ്കിലും അതിനേക്കാളേറെ ദുഃഖം ആ മുഖത്തു പ്രകടമാണ്. അതെ അവളെ നഷ്ടപ്പെട്ടതിന്റെ വേദന ഇന്നും ഞങ്ങൾ അനുഭവിക്കുന്നുണ്ട് . പ്രതിഷേധ ഭാവത്തിൽ ഫിലിപ്പ് മാർക്കോയോട് ചോദിച്ചു " എന്നാലും അവളെ ജോലിക്കു വിടുന്നത് ശരിയാണോ . ഗ്രേറ്റയെ നീ ഒരു ജോലിയും ചെയ്യിക്കാറില്ലല്ലോ ? ഇത് തെറ്റായി തോന്നുന്നില്ലേ ."

മാർക്കോയുടെ മറുപടിക്ക് മുൻപ് തന്നെ അവൾ മടങ്ങിയെത്തി. മാർക്കോയുടെ മുഖം അവൾക്ക് നേരെ തിരിഞ്ഞു. "നിന്നോട് പറഞ്ഞിട്ടില്ലേ വീടിന് മുൻവശത്തു കൂടെ ആളുകൾ ഉണ്ടാകുമ്പോൾ കയറി വരരുത് എന്ന് " അയാൾ കയർത്തു. അവളൊന്നു പേടിച്ചു പോയെങ്കിലും താൻ വന്നത് കാണാതെ തന്റെ സാന്നിധ്യം മാർക്കോയുടെ വാക്കുകളിലൂടെ മനസിലാക്കി തന്നെ തിരിഞ്ഞു നോക്കാൻ പോകുന്ന ഫിലിപ്പിനെ നോക്കി അവൾ വിളിച്ചു ""പപ്പാ ....." ഫിലിപ് ആ ശബ്ദം തിരിച്ചറിഞ്ഞു . അയാളുടെ കണ്ണിൽ നിന്നും അവളുടെ കണ്ണിൽ നിന്നും തണുപ്പിൽ ഉറച്ചു പോവാതിരുന്ന നീർത്തുള്ളി വീണു. കസേരയിൽ നിന്ന്

പിടഞ്ഞെണീറ്റ ഫിലിപ്പ് മുട്ടുകുത്തി താഴെക്കിരുന്നു പോയി .ഒരു മാപ്പപേക്ഷ പോലെ അയാൾ വിങ്ങിപ്പൊട്ടി. ഒരച്ഛൻ മകളെയും മകൾ അച്ഛനെയും തിരിച്ചറിഞ്ഞ മുഹൂർത്തം . അഞ്ചു വർഷങ്ങളായി കരുതി വെച്ച സ്നേഹം മുഴുവനും അവിടെ ഒഴുകി . മാർക്കോയുടെ മുഖം കുറ്റബോധം കൊണ്ട് താഴ്ന്ന് പോയി. ഇത്രയും കാലം താൻ പണത്തിനു വേണ്ടി പണിയെടുപ്പിച്ചത് തന്റെ സുഹൃത്തിന്റെ കുഞ്ഞിനെയാണല്ലോ എന്നോർത്ത് . അവളെയും കൊണ്ട് ഫിലിപ്പ് ആ വീട് വിട്ടിറങ്ങി . മാർക്കോയോട് നന്ദി എന്നൊരു വാക്ക് മാത്രം പറഞ്ഞുകൊണ്ട്. മാർക്കോ ആ നന്ദിക്ക് നൽകിയ മറുപടി ഇതായിരുന്നു , " അറിഞ്ഞു കൊണ്ടല്ല മാപ്പ് ." ഒരു പുതു വത്സര രാത്രി നഷ്ടപ്പെട്ട് അതുപോലെ അഞ്ചു വർഷത്തിന് ശേഷം പുതുവത്സരത്തോടടുക്കുന്ന വൈകുന്നേരം തിരിച്ചു കിട്ടിയ മകളെയും കൊണ്ട് ഫിലിപ് യാത്രയായപ്പോൾ അയാൾ വളരെ ദൂരെയുള്ള വീട്ടിലേക്ക് എത്തിച്ചേരുന്നത് ഏവർക്കും സന്തോഷം നൽകുന്ന ഒരു പുതു വത്സര സമ്മാനാവുമായിട്ടായിരുന്നു.

അഞ്ജലി സി.എ
10 – L



# സപ്തഭാഷകൾ കോർത്തിണക്കി ധന്യമാക്കിയ സ്വാഗതഗാനം

പ്രമോദ് കുമാർ. കെ

ഈ വർഷത്തെ സംസ്ഥാന കലോൽസവം കാഞ്ഞങ്ങാട് ഡിസംബർ 1 ന് പരിസമാപ്തി കുറിച്ചപ്പോൾ ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂളിനെ ഉൽഘാടന വേദിയിൽ തന്നെ ശ്രദ്ധേയമാക്കിയത് സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. മണികണ്ഠദാസ് രചിച്ച ജില്ലയുടെ സപ്തഭാഷാ പാരമ്പര്യത്തെ കോർത്തിണക്കിയ സ്വാഗതഗീതത്തിലൂടെയായിരുന്നു.

*"ഏഴു വാണികളുടെ ഒറ്റ നാവിൽ*
*ഇണക്കിടുന്ന വരവർണിനി നീ*
*കേരളോത്തര വിലാസിനീ*
*വിമലദേശമായ് ലസിപ്പൂ നീ"*




ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ശ്രീരാമകൃഷ്ണനിൽ നിന്ന് മണികണ്ഠദാസ് സാർ പുരസ്കാരം ഏറ്റുവാങ്ങുന്നു

എന്ന് തുടങ്ങുന്ന സ്വാഗതഗീതം സപ്തഭാഷാ സംഗമഭൂമിയിലെ ഏഴു ഭാഷകളും മനോഹരമായി ചേർത്ത് ശ്രീ. മണികണ്ഠദാസ് മാസ്റ്റർ രചിക്കുകയും, പ്രശസ്ത

ഗായകൻ കാഞ്ഞാങ്ങാട് രാമചന്ദ്രൻ ഈണം നൽകി അറുപതോളം അദ്ധ്യാപകരുടെ ആലാപനത്തോടെ അതിലുപരി മികച്ച ദൃശ്യാവിഷ്കാരത്തോടെ വേദിയിൽ അവതരിച്ചപ്പോൾ സംസ്ഥാന സ്കൂൾ കലോൽസവ ചരിത്രത്തിലെ ഒരു പുതുചരിത്രം സൃഷ്ടിക്കപ്പെടുകയായിരുന്നു. കലോൽസവത്തിന്റെ സ്വാഗതഗാനമാക്കാൻ സംഘാടകർക്ക് നൂറോളം സൃഷ്ടികൾ ലഭിച്ചപ്പോൾ ശ്രീ. ഇ.പി രാജഗോപാലൻ, ശ്രീ കാഞ്ഞങ്ങാട് രാമചന്ദ്രൻ, ശ്രീ. പത്മനാഭൻ ബ്ലാത്തൂർ എന്നിവരടങ്ങിയ ജൂറി ടീം ശ്രീ. മണികണ്ഠദാസ് മാസ്റ്ററുടെ ഗാനം തന്നെ തിരഞ്ഞെടുക്കുകയായിരുന്നു. ഈ സ്വാഗതഗാനത്തിലൂടെ ജില്ലയുടെ കലാ-സാംസ്കാരിക-സാഹിത്യ ചരിത്രത്തെ രേഖപ്പെടുത്താൻ ശ്രീ. മണികണ്ഠദാസ് മാസ്റ്റർക്ക് കഴിഞ്ഞിട്ടുണ്ട്. 1976-ൽ മലയാള അധ്യാപകനായി ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മണികണ്ഠദാസ് മാസ്റ്റർ ഇപ്പോൾ രണ്ട് വർഷമായി സ്കൂളിലെ പ്രിൻസിപ്പൽ പദവി അലങ്കരിക്കുന്നു. 32 വർഷങ്ങളായി പതിനായിര കണക്കിന് വിദ്യാർത്ഥികളുടെ ഗുരുനാഥനാകാൻ ഭാഗ്യം ലഭിച്ച ശ്രീ. മണികണ്ഠദാസ് എന്നും വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട അധ്യാപകനായിരുന്നു. മഹാകവി കുട്ടമത്തിന്റെ ചെറുമകനായ ശ്രീ.മണികണ്ഠദാസ് സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു മികച്ച തിരകഥാകൃത്ത് കൂടിയാണ്. നീണ്ട 27 വർഷങ്ങൾക്ക് ശേഷം കാസർഗോഡിൽ വച്ച് നടന്ന സംസ്ഥാന കലോൽസവത്തിൽ ജില്ലയ്ക്ക് അഭിമാനമുണ്ടാക്കിയ സ്വാഗതഗാനം രചിച്ച ശ്രീ.മണികണ്ഠദാസ് മാസ്റ്റർക്ക് ലിറ്റിൽ കൈറ്റ്സ് ടീമിന്റെ ഒരായിരം അഭിനന്ദനങ്ങൾ.

# വളരുന്ന ലോകവും മാറുന്ന മനുഷ്യനും

വികസനത്തിന്റെ പാതയിലൂടെ മുന്നോട്ട് അനുനിമിഷം കുതിച്ചുകൊണ്ടിരിക്കുന്ന ലോകരാജ്യങ്ങൾ ......ശാസ്ത്രസാങ്കേതികവിദ്യാഭ്യാസ തൊഴിലധിഷ്ഠിത മുന്നേറ്റമാണ് നാം വീക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഈ കുതിപ്പിൽ മനുഷ്യസമൂഹത്തിന് നന്മകളും തിന്മകളും സംഭവിച്ചുകൊണ്ടിരിക്കുന്നതായി നാം കണ്ടുവരുന്നു. ലോകരാഷ്ട്രങ്ങൾ ബാഹ്യാകാശ നിലയങ്ങൾ പണിത് കോടികൾ ചിലവഴിക്കുന്നു. മനുഷ്യന്റെ അറിവ് വർധിപ്പിക്കുവാനും ശാസ്ത്രലോകത്തിന്റെ ഉള്ളറകളിൽ ചെന്ന് പരീക്ഷണങ്ങൾ നടത്തി അതുവഴി മാനവപുരോഗതിക്ക് കുതിപ്പേകുവാനുമാണ് ശാസ്ത്രലോകം മുൻകൈയെടുക്കുന്നത് . വിരൽതുമ്പിലൊതുങ്ങുന്ന ലോകത്തെ സൃഷ്ടിക്കാൻ മത്സരബുദ്ധിയോടെ പ്രയത്നിക്കുകയാണ് അതിസമർത്ഥരായ ശാസ്ത്രജ്ഞന്മാർ. മാനവവിഭവശേഷിയിലും പ്രകൃതിസമ്പത്തിലും മുൻനിരയിൽ നിൽക്കുന്ന ലോകത്തിൽ വികസനലക്ഷ്യത്തെ ഉന്നംവെയ്ക്കുമ്പോൾ തീർച്ചയായും ശാസ്ത്രപുരോഗതിക്കും വിദ്യാഭ്യാസപുരോഗതിക്കും ഏറെ പ്രാമുഖ്യം നൽകേണ്ടതുണ്ട്. അങ്ങനെ മുന്നോട്ട് കുതിക്കുന്ന ലോകം .....

എന്നാൽ ഈ കുതിപ്പിന്റെ ശക്തിയിലൂടെ മുന്നോട്ട് ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന 'മനുഷ്യൻ' പലതും മറന്നുപോകുന്നുവോ? ജാതി–മത–വർഗ്ഗ–വർണ വിദ്വേഷങ്ങൾ വച്ച് തമ്മിലടിക്കുന്ന ഒരു പറ്റം ജനങ്ങൾ



ഈ വികസനകുതിപ്പിന് തടയുന്നുവോ എന്ന് നാം കരുതേണ്ടതുണ്ട്. ചതിയും കൊലയും ക്രൂരതയുമൊക്കെ ചെയ്യുന്ന ഈ ഇരുട്ടിന്റെ ലോകത്ത് തിന്മയെ സ്നേഹിക്കുന്നവരും നന്മയെ വെറുക്കുന്നവരുമാണ് കൂടുതലും. ആ തിന്മയുടെ മറവിൽ നിന്ന് നീചമായ പ്രവർത്തികൾ ചെയ്യുന്നവരുടെ കരങ്ങൾക്ക് ശക്തി പകരാൻ ചിലർ സജ്ജരാണ്. പൈശാചികമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ നിയമത്തിന്റെ മുമ്പിലേക്ക് എത്തിക്കാനും മാതൃകാപരമായ ശിക്ഷ അവർക്ക് വാങ്ങികൊടുക്കാനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ വീഴ്ച്ച

വരുത്തുന്നതിനാൽ ഇരുട്ടിന്റെ പഴുതുകളിലൂടെ അവർ രക്ഷപ്പെട്ട് വീണ്ടും വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രാപ്തരാകുന്നു.

കുട്ടികളെ വിദ്യാലയങ്ങളിൽ കൊണ്ടുവിടുന്നതുപോലെ വൃദ്ധമാതാപിതാക്കളെ മക്കൾ അനാഥമന്ദിരത്തിലേക്ക് വിടുന്ന കാഴ്ച്ച ഇന്ന് സർ–



വ്വസാധാരണയാണ്. പകലന്തിയോളം കഷ്ടപ്പെട്ട് വേണ്ട എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിത്തന്ന ആ മാതാപിതാക്കളെ എന്തേ ഇന്ന് സമൂഹം മറക്കുന്നു? വരും തലമുറയുടെ വാഗ്ദാനമായ കുട്ടികളെ ചില മാതാപിതാക്കളും ഉപേക്ഷിക്കുന്ന കാഴ്ചയും നാമിന്ന് കാണുന്നു. കുട്ടികളെ ഉപേക്ഷിക്കാനുള്ള കാരണം കണ്ടെത്തുകയും അത് പരിഹരിക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാകുന്നു,ഒപ്പം കടമയും.

'ഒത്തു പിടിച്ചാൽ മലയും പോരും' എന്ന് പറയുന്നതുപോലെ കൂട്ടായ പരിശ്രമത്തിലൂടെ രാഷ്ട്രപുരോഗതി ഉറപ്പുവരുത്താൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. ജീവിതത്തിന്റെ പാഥേയ മൂല്യങ്ങളായ കരുണ, ദയ,സ്നേഹം തുടങ്ങിയവ ചോർന്നുപോകാതെ ഓരോരുത്തരും മാതൃകാപരമായി ജീവിതം മുന്നോട്ട് നയിക്കുകയും പ്രകൃതി നമുക്ക് കനിഞ്ഞ് നൽകിയ വിഭവങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ രാഷ്ട്രപുരോഗതിയുടെ കുതിപ്പിന് തടസമുണ്ടാകില്ല എന്നത്  തീർച്ചയാണ്.കൈക്കോർക്കാം നമുക്ക് നല്ല നാളെയ്ക്കായി.

"പുലരിയുടെ പുതുനാമ്പുകൾ കാക്കുവാനായി,
വളരട്ടെ ലോകം,മാറട്ടെ മനുഷ്യർ"

---

അനഘ.പി
10 L

# വൻമതിലിൽ ഒരു മഞ്ഞുകാലത്ത്

ചൈന യാത്ര ഉറപ്പിച്ച നാൾമുതൽ ഞാൻ കൗതുകത്തോടെ കാത്തിരുന്നത്. ലോകത്തെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ ചൈനയിലെ വൻമതിൽ കാണാനായിരുന്നു. ഒരുപക്ഷെ ഒരു രണ്ടാം ക്ലാസ്സുകാരിയായ എനിക്ക് ചൈനയെ പറ്റി അറിയാവുന്ന ഒരേയൊരു കാര്യം മൻമതിലായിരുന്നതിനാലാവണം.

2012 ഡിസംബർ 21 ന് കൊച്ചി നെടുംബാശേരി എയർപോർട്ടിൽ

നിന്ന് പുറപ്പെട്ട ഞങ്ങൾ–ഞാൻ,അച്ഛൻ,അമ്മ,ചേച്ചി. ഞങ്ങളുടെ കുടുംബ സുഹൃത്ത് ജെ.സി മാമന്റെ ഭാര്യ ഹിതാന്റി, മകൻ സാരംഗ് പിന്നെ അച്ഛന്റെ

സുഹൃത്ത് അഡ്വ: രാജഗോപാൽ മാമനും കുടുംബവും– 23 ന് ഉച്ചയ്ക്ക് ശേഷം ചൈനയിലെ ഗ്വാങ്ചോ നഗരത്തിൽ എത്തി. 2010 ൽ ഏഷ്യാസ്

നടന്ന സ്ഥലമാണ് ഗ്വാങ്ചോ. ജെ.സി മാമന്റെ കുറെ വർഷമായി അവിടെ തന്നെയാണ് താമസം. കുറച്ച് ദിവസം ഞങ്ങൾ ഗ്വാങ്ചോയിലെ കാഴ്ചകൾ

കണ്ടതിന് ശേഷം നാലാം ദിവസം ചൈനയുടെ തലസ്ഥാനമായ ബീജിംഗിലേക്ക് പുറപ്പെട്ടു ഒരു ട്രൈനിലാണ് പോയത്. ബീജിംഗിൽ മാവോസ്മാരകം ടിയാമൻ സ്ക്വയർ, സമ്മർ പാലസ് എന്നിവ കണ്ടു. രണ്ടു ദിവസത്തെ ബീജിംങ് സന്ദർശനത്തിന് ശേഷം അടുത്ത ദിവസം രാവിലെ

ഞങ്ങൾ ഒരു ടാക്സിയിൽ വൻമതിൽ കാണാൻ പുറപ്പെട്ടു. ബീജിംഗിന് അടുത്തുള്ള വൻമതിലിന്റെ ഭാഗമായ ബാതാലിംഗ് എന്ന സ്ഥലത്തെക്കാണ്

ഞങ്ങൾ പോയത്. അവിടെ വലിയ തണ്ണുപ്പായത്തിനാൽ ഞങ്ങൾ എല്ലാ മുൻകരുതലകളും എടുത്തിരുന്നു. ബീജിങ്ങിലേക്കുള്ള ട്രെയ്ൻ വെറും പേര്

മാത്രം അറിയാവുന്ന വൻമതിലിനെ കുറിച്ച് അതിശയിപ്പിക്കിന്ന ഒരുപ്പാട് കാര്യങ്ങൾ അച്ഛൻ എനിക്ക് പറഞ്ഞുതന്നിരുന്നു.

ഞങ്ങൾ എത്തിയ സമയത്ത് വൻമതിലിൽ വലിയ തിരക്കുകളൊന്നും ഇല്ലായിരുന്നു. $-3^{\circ}$ തണ്ണുപ്പിൽ ഒരു മിനി ബഹിരാകാശയാത്രികരെ പോലെയായിരുന്നു. ഞങ്ങൾ എല്ലാവരും ആദ്യ കാഴചയിൽ തന്നെ മനം കവരുന്ന അവിസ്മരണീയമായ ദൃശ്യമായിരുന്നു വൻമതിൽ. കുറെ ലക്ഷം പടികൾ ആകാശത്തേക്കു നിരത്തി വച്ചതു പോലെയാണ് എനിക്ക് ആദ്യം തോന്നിയത്. കാഴ്ച്ചക്കപ്പുറം ചൈനയുടെ

സംസ്കാരവും ചരിത്രവുമെല്ലാം വൻമതിൽ വിവരിക്കുന്നു. സക്കറിയ വിക്ടോറിയ

വെള്ളച്ചാട്ടത്തെ കുറിച്ച് പരാമർശിച്ചത് പോലെ എത്ര കണ്ടാലും മനസ്സിലാവാതത്തും എന്നാൽ അതിൽ നിന്ന് കണ്ണുപറിക്കാൻ പറ്റാത്തതുമായ ഒരു അത്ഭുത കാഴ്ച തന്നെയാണ് വൻമതിലും.

വലിയ ഒരു സാഹസിക പര്യടനത്തിന്റെ ഉത്സാഹത്തോടെയും ആവേശത്തോടെയുമാണ് ഞങ്ങൾ കുട്ടികൾ മുമ്പോട്ടു കുതിച്ചത്. ഇടയ്ക്ക് കൂടെയുള്ള ആരെയും കാണാതാകുമ്പോൾ തിരിഞ്ഞു നോക്കും. ഒരു ഉത്സാഹവും ഇല്ലാതെ നടുവിലും കാല്ലിലും കൈവച്ചു വളരെ കഷ്ടപ്പെട്ടു അവർ

കയറിവരുന്നത് കാണും. എന്നിട്ട് വീണ്ടും കയറാൻ തുടങ്ങും. ഒരു അര മണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ കുട്ടികളും ജെ.സി മാമനും മാത്രമേ മതിലിന്റെ  കുറച്ച് ഉയരത്തിൽ എത്തിയത്. അച്ഛനും അമ്മയും ബാക്കിയുള്ളവരുമെല്ലാം തണ്ണുപ്പിൽ ക്ഷിണിച്ച് താഴെ നില്കുന്നു. ജെ.സി മാമനും ഞങ്ങൾ മൂന്ന് കുട്ടികളും കയറിപോകുമ്പോൾ ഒരു കോണിപിടിയുടെ

കുറചകലെ ഒരു മിനി ബേക്കറി കണ്ടു. ഞങ്ങൾ അവിടെ കയറി ഒരോ കാപ്പി കുടിച്ചു. ഞാൻ എന്റെ കയ്യിലുണ്ടായ കുറച്ചു ചൈനീസ് നാണയം കൊണ്ട് അവിടത്തെ എന്റെ ഏറ്റവും പ്രിയപ്പെട്ട 'M and M' മിഠായി വാങ്ങി കീശെലൊക്കെ സ്വരൂപിച്ച് വെച്ചു. ഒരു പത്തുമിനിറ്റ് വിശ്രമത്തിനുശേഷം ഞങ്ങൾ ബേക്കറിയിൽനിന്ന് ഇറങ്ങി. അഞ്ച് പേരും അഞ്ച് വശങ്ങളിൽ

നിന്നായിരുന്നു താഴെക്ക് ഇറങ്ങിയത്. കോണിപടി മുഴുവൻ ഐസ് കട്ട കൊണ്ട് നിറഞ്ഞതിനാൽ ഞങ്ങൾ വളരെ ശ്രദ്ധിച്ചാണ് ഇറങ്ങിയത്ത്.

എന്നിട്ടും ഞാൻ രണ്ടു തവണ വഴുതി വീണു. വീണസമയത്ത് അടുത്തുണ്ടായ

കുറച്ച് ചൈക്കാർ എന്നെ എഴുന്നേൽക്കാൻ സഹായിക്കുകയും എന്നോട്

എന്തൊക്കയോ ചൈനീസ് ഭാഷയിൽ പറയുകയും ചെയ്തു. അത് വഴക്ക്പറഞ്ഞതാണോ, വേദനിച്ചോ എന്ന്

അന്വേഷിച്ചതാണോ എന്താണെന്ന് ഇന്നും മനസിലാവാതെ എന്റെ മനസ്സിലുണ്ട് വിഴ്ച്ചയിൽ എന്നെ

എറെ വിശമിപ്പിച്ചത് ഞാൻ സ്വരുപ്പിച്ച് വെച്ച 'M&M'പാക്കറ്റുകളിൽ നിന്ന് കുറച്ചു നഷ്ടപ്പെട്ടു എന്നതാണ്. ചിലപ്പോൾ  എന്റെ ഓർമ്മക്കായി അതവിടെ നഷ്ടപ്പെട്ടത് നന്നായി എന്ന് കരുതി ആശ്വാസിക്കും. താഴെ എത്തിയപ്പെൾ

അമ്മയേയും അച്ഛനെയും ഒരു ഇടവേളയ്ക്ക് ശേഷം വീണ്ടും കണ്ടുമുട്ടി. ഞങ്ങൾ മടങ്ങുമ്പോഴും കുറേ ആളുകൾ വരികയും പോവുകയും ചെയ്യുന്നുണ്ടായിരുന്നു

ഒരുപാട് ചോദ്യങ്ങൾ അച്ഛനോട്ടു മടക്കയാത്രയിൽ ചോദിക്കാൻ മനസ്സിൽ കുറിച്ചു വച്ച് ഞാൻ ആ മഹാത്ഭുതത്തോട് വിടപറഞ്ഞു.

**ലക്ഷമി നായർ**

**9 L**

# ലോകം ഒരു 'ടച്ച് ' അകലത്തിൽ

ലോകത്തിന്റെ ഏത് കോണിലുള്ളവരും തമ്മിൽ ഇന്ന് ഒരു ' ടച്ച് ' മാത്രമാണ് അകലം! വിളിക്കാൻ മാത്രം സൗകര്യമുള്ള തടിയൻ ഫോണുകളുടെ സ്ഥാനത്ത്, ഇന്ന് ടച്ച് സ്ക്രീനും വീഡിയോ കോളും അതിവേഗ ഇന്റർനെറ്റുമടക്കം എണ്ണിയാലൊടുങ്ങാത്ത സൗകര്യങ്ങളുള്ള സ്മാർട്ട് ഫോണുകൾ വിലസുന്നു. ലോകത്ത് ഇന്ന് ഏറ്റവുമധികം ഗവേഷണങ്ങളും പരിഷ്കരണങ്ങളും നടക്കുന്നത് മോബൈൽ ഫോൺ സാങ്കേതിക വിദ്യയിലാണ്.

തീ, ചക്രം, വൈദ്യശാസ്ത്രം , വൈദ്യുതി വാഹനങ്ങൾ തുടങ്ങി മനുഷ്യചരിത്രം അടിമുടി മാറ്റിമറിച്ച മഹത്തായ കണ്ടുപിടിത്തങ്ങളുടെ കൂട്ടത്തിലാണ് മോബൈൽ ഫോൺ.



"ഇഷ്ടാനുസരണം എവിടെയും കൊണ്ടുനടക്കാവുന്ന ഒരു പോക്കറ്റ് ടെലിഫോൺ ടോക്കിയോയിൽ കണ്ടുപിടിച്ചിരിക്കുന്നു. കയ്യിലൊതുങ്ങുന്ന ഈ ടെലിഫോൺ പ്രവർത്തിക്കുന്നത് ഒരു ചെറിയ ബാറ്ററി ഉപയോഗിച്ചാണ്. ഈ പോക്കറ്റ് ഫോൺ ഉപയോഗിച്ച് അടുത്തുള്ള ടെലിഫോൺ എക്സ്ചേഞ്ചുമായി ബന്ധപ്പെടാനാകും പുഷ്ബട്ടൻ ഡയൽ ഉള്ളതുകൊണ്ട് ആവശ്യമുള്ളയാളിനെ നേരിട്ട് വിളിക്കാനും സൗകര്യമുണ്ട്."

പത്രത്തിൽ വന്ന ഒരു വാർത്തയിൽ പലരും ഇക്കാര്യം വിശ്വസിച്ചില്ല. കൊണ്ടുനടക്കാവുന്ന ഫോൺ എന്നത് അവരെ സംബന്ധിച്ച് 'സുന്ദരമായൊരു നടക്കാത്ത സ്വപ്നം' മാത്രമായിരുന്നു . ഇതിലെന്താണിത്ര അദ്ഭുതം എന്നാണോ ചിന്തിക്കുന്നത് ? അദ്ഭുതമുണ്ട്.കാരണം, ഈ വാർത്ത അച്ചടിച്ചുവന്നത് 1970-ലാണ് . അന്ന് കേരളത്തിലെന്നല്ല, ഇന്ത്യയിൽ ത്തന്നെ ഫോണുള്ള വീടുകൾ കുറവാണ്. കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേക്ക് വിളിക്കണമെങ്കിൽ പോലും ടെലിഫോൺ എക്സ്ചേഞ്ചിൽ മണിക്കൂറുകൾ കാത്തിരിക്കണം! അക്കാലത്ത് ഇങ്ങനെയൊരു വാർത്ത കണ്ട് ആളുകൾ ഞെട്ടിയില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ

പേരുപോലെതന്നെ കൊണ്ടുനടക്കാവുന്ന ഫോണാണ് മൊബൈൽ ഫോൺ. ലാൻഡ് ഫോൺ പോലെ കമ്പിയോ വയറോ ഇല്ലാത്ത ഇത് റേഡിയോ ഫ്രീക്വൻസിയിലൂടെ ഓപ്പറേറ്ററുടെ നെറ്റ്‌വർക്കുമായി ബന്ധം സ്ഥാപിച്ച് സന്ദേശ വിനിമയം നടത്തുന്നു. റേഡിയോതരംഗങ്ങൾ വഴിയാണ് മൊബൈൽ ഫോണിലൂടെ യാത്രയ്ക്കിടയിലും ഒരാൾക്ക് കോളുകൾ വിളിക്കാനും സ്വീകരിക്കാനും കഴിയുന്നത് . ഈ റേഡിയോ തരംഗബന്ധം നൽകുന്നവരാണ് മൊബൈൽ ഫോൺ സേവനദാതാക്കൾ. 1973-ൽ അമേരിക്കയിലെ മോട്ടറോള കമ്പനിക്കുവേണ്ടി ജോൺ എഫ് മിച്ചലും, മാർട്ടിൻ കൂപ്പറുമാണ് ഈ ഫോണിന് രൂപകല്പന ചെയ്തത് ലോകത്തിലെ ആദ്യത്തെ മോബൈൽ ഫോണിന്റെ കുടുംബത്തിലെ ആദ്യത്തെ മോബൈൽ ഫോൺ എന്ന് അറിയപ്പെടുന്നത് . മോബൈൽ ഫോണിന്റെ കുടുംബത്തിലെ മുതുമുത്തച്ഛൻ എന്ന് പേരുള്ള അദ്ദേഹത്തിന്റെ പേരെന്തെന്നോ? ഡൈന ടാക് 8000 എക്സ്.



3G, 4G എന്നൊക്കെ കേട്ടിട്ടില്ലേ? മോബൈൽ ഫോൺ സാങ്കേതികനേറ്റങ്ങളെ കുറിക്കാനുപയോഗിക്കുന്ന വിശേഷണമാണ് തലമുറ അഥവാ ജനറേഷൻ. ജനറേഷന് എന്ന വാക്കിന്റെ ആദ്യ അക്ഷരമായ G ഇതിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. 1G യിൽ നിന്ന് 5G എത്തിനിൽക്കുന്നതാണ് ഈ മോബൈൽ കുടുംബം. മനുഷ്യ കുലത്തിന്റെ ഒരു അദ്ഭുത കണ്ടുപിടുത്തമാണ് മോബൈൽ ഫോൺ...

---

ഭഗത് കൃഷ്ണ. കെ

8 F

# അക്ഷരതെറ്റ്

അക്ഷരസഞ്ചികളിൽ നിന്ന്,
അക്ഷരം കവർന്നിടും ഹൃദയമേ....
അക്ഷരത്താളുകളെ മാറ്റിമറിക്കുമോ നീ?
അക്ഷരത്തെറ്റായി മാറുന്ന ഭൂമിയുടെ മക്കൾ,
എന്നു വീണ്ടുപ്പിടിക്കും ഭൂമിയുടെ ഭംഗി?
ധർമ്മമാണ് മനസ്സിന്റെ
വെളിച്ചം.
നന്മയും തിന്മയും ഒത്തുകാണുന്ന
വെളിച്ചം,
ഉള്ളിലെ ചിന്തകളാകുന്ന
അക്ഷരങ്ങളെ.
അക്ഷരതെറ്റായി മാറ്റരുതേ!
അക്ഷരങ്ങൾ കൂടെയുണ്ടാകുമ്പോൾ,
മറ്റാർക്കുവേണ്ടി വിൽക്കുന്നു നാം അക്ഷരങ്ങളെ.
കണ്മുനിൽ ആകർഷഭരിതമായി,
അക്ഷരത്താളുകൾ ചൊല്ലി,
താളമിട്ടുപാടുന്ന വരികളിൽ,
കവികൾ എങ്ങനെ വർണിക്കും തെറ്റുകളെ.
അക്ഷരശ്ലോകം ചേരുന്ന വരികളിൽ,
അക്ഷരത്തെറ്റുകളെ മറച്ചീടുവാൻ കഴിയില്ല.



അനഘ.എം
10 L

# ബാല കൈകാര്യം

പാവങ്ങളാണ് നാം! പാവങ്ങളാണ് നാം!
പട്ടിണിയിൽവലം കൊണ്ട കൈത്തണ്ടുകളാണു നാം
കണ്ണീരാണിന്ന് മൂളിപ്പാട്ടുകൾ
പട്ടിണിയിലാണ് നാം! പട്ടിണിയിലാണ്



ഓരോ രാവിലും ആശങ്കയിലാണ്
കയറുന്ന പടികൾ എണ്ണുകയാണ് നാം
അടിമകളാണ് നാം! അടിമകൾ!
ഭക്ഷണമില്ല,വസ്ത്രമില്ല
കൺപീളകൾ ഉയർത്താൻപോലും വയ്യ
പഷ്ണി പാവങ്ങളാണ് നാം! പാവങ്ങൾ

വിദ്യാലയങ്ങളോ കയറിയിട്ടില്ല!
അധ്യായങ്ങളോ പഠിച്ചതുമില്ല!
മങ്ങിയതാണിന്ന് ഈ പാവം കണ്ണുകൾ
പക്ഷെ അധികം പഴക്കാത്തതാണീ ജന്മം
പ്രാർഥനയിലാണിന്ന് നമ്മുടെ ആശ്രയം
കൈപ്പിടിച്ചേ നമ്മെ ആരും വളർത്തിയിട്ടില്ല
താരാട്ടുപ്പാട്ടോ നാം ഇതുവരെ കേട്ടതുമില്ല

ആശ്രയികളാണ് നാം! ആശ്രയികൾ
ഈ നാൾ വരെ നാം ഉണർന്നിട്ടില്ല
ഉണരാൻ നാം ഉറങ്ങിയിട്ടില്ല
വിശപ്പോ അതിന് അനുമതി നൽകിയതുമില്ല
ഹൃദയമടിപ്പാണിന്ന് നമ്മുടെ താളം
ഇതു നമ്മുടെ പാട്ടാണ്,നമ്മുടെ പാട്ടുകളാണ്
അടിമയായി വലയുന്ന നുറുങ്ങുകളുടെ പാട്ടാണ്.

അലീമത്ത് സന തസ്ലീൻ.എസ്.കെ
10 L

# ഭൂമിയുടെ രോദനം

ചരിത്രമുറങ്ങുന്ന സാനുക്കളിൽ
നാം പടുത്തുയർത്തുന്നു സ്മാരകം
വിളഭൂമി നികത്തുന്നു
കുടിലുകുത്തുന്നു
മലയിടിച്ചു കുളം നികത്തുന്നു
പ്രകൃതി നശിക്കുന്നു
വികൃതിയാക്കുന്നു



പ്രകമ്പിതമാം ഭൂമി പുളയുന്നു
കുടിനീരിനായി ജനം നെട്ടോട്ടമോടുന്നു
കാര്യസ്ഥർ കണ്ണു ചിമുന്നു
കീശക്കായി കുപ്പായം തയ്ക്കുന്നു
ഉറക്കം നടിക്കുന്നു ഉള്ളു ചിരിക്കുന്നു



പ്രകൃതിയെ വികൃതിയാക്കുന്നു
ഭൂമി കരയുന്നു ധിക്തി ഗത്യന്തം
മനഃസ്സുരുക്കി മഹാർ
ണ്ണമാക്കുന്നു
ദുഃഖാശ്രുപ്പൂതനയനത്താൽ
ഭൂമി തപിക്കുന്നു ചുട്ടുപൊള്ളുന്നു
ഉറവവറ്റി ഉരഗങ്ങൾ നശിക്കുന്നു
മഴ ചതിക്കുന്നു പുഴ നശിക്കുന്നു
പരൽമീൻ പിടയ്ക്കുന്നു

ഋതുക്കൾ ഘടികാരം ചമയ്ക്കുന്നു
പകൽ ദൈർഘ്യം കുറയ്ക്കുന്നു ചാരൻമാർ
പിന്നിട്ട വഴിമറക്കുന്നു കാര്യസ്ഥർ കണ്ണുചിമുന്നു
പിരിഞ്ഞാത്മാക്കൾ പരിതപിക്കുന്നു
അശാന്തി പരത്തുന്നു

ARYA MOHAN
10 L

# പദക്കസർത്ത്

മരണം മണക്കുന്നുണ്ട്
ചില ജീർണിച്ച ' തുണിത്തരങ്ങൾക്കിടയിൽ ;
ഇറ്റിവീണ
മുലപാലിന്റെ ഗന്ധത്തിനും
ബന്ധനം ഭവ.
'വാക്കുകൾക്ക് സൂചിയെക്കാൾ– കാഠിന്യമേറും '–
കഠാരയെക്കാൾ ആഴത്തിൽ,
ചിലത് വേരറുത്ത് തരിശാക്കും.
മറ്റു ചിലത് ;
മലിനപെടുത്തും,
ഒരു തുള്ളിയെ പോലും,
നദിയിൽ – ക്ഷമ !
ഉറവ വറ്റിച്ച – 'ചില
വാക്കുകൾക്ക്'
വംശനാശം വിതച്ച
ഒരു നാലക്ഷ വാക്ക്.
ആർത്തവം.



ആർത്ത,പെൺമരങ്ങളുടെ –
മരണങ്ങൾ
ആത്മഹത്യയുടെആകാശത്ത്
അക്ഷരങ്ങൾ പെറുക്കിവിറ്റു.

കാബൂളിവാല 'ചാക്കിലാക്കിയ' –

അക്ഷരങ്ങളിൽ,
സർപ്പന്റും ഗംഗയും കൂടെകിടന്ന -
പെറ്റ - അമ്മ !

പുറത്താക്കപ്പെട്ട മതം,
ലിപിയന്വേഷിച്ച നടത്തിയ -
യാത്ര അമ്പേ -പരാജയം.
ഒഡീസി-കെട്ടി-പുണർന്ന
ബാബേൽ മീനുകൾ
ചത്തുമലച്ചു.

'മരണം'
വംശനാശം ഭവിച്ച വാക്കുകൾക്ക് -
തുറുമുഖത്തടിച്ച

ജെല്ലീകളിൽ-

പുനർജന്മ്മം സമ്മാനിച്ച -
'തുരുത്ത്'
ആമി,
'ബോഡിയെത്തി,,,,
ചിതയിലോട്ട്...... '
എറച്ചി-നാറുന്നുണ്ട്-
തൊടക്കഷണത്തിന് -
കാമ്പ് പോരാ.
ഞാനലിയുന്ന- നിഴൽ നീ,,,
പ്രേമഭാജനമേ....



മഹാ –

മഹാ –

മഹാ'ബലി'!

നദിയാവുകയെന്നത് മഹാ –പ്രസവമാണ്.

ഉരുക്കം,

ഊട്ട്,

ഒടുവിൽ ഒഴുക്കി വിടുമ്പോൾ

സാഹിത്യമുറങ്ങുന്ന –

ഗോലികളെ തട്ടിയിട്ട് –

പാട്ട് – നെയ്യണം,,,

മഹാനദി '–ക്ഷമ,

മഹാ – മരണമേ,,,

എന്നിട്ടും

നീ ശത്തില്ലല്ലോ?

പുറത്താക്ക' പെട്ടവ' യക്ക്

അഭയം–

നൽകിയ,

മരീചിക.

ഭാഷ.

എളിമയോടെ ഓതട്ടെ ;

പെണ്ണാണ്.

അക്ഷരങ്ങൾ കൂട്ടിക്കെട്ടിയാൽ പിറവി –

അസാധ്യമല്ല!




നിഘണ്ടു – ഭരണകാലം

ആണ്ടിരുപത് ;

ഗുഹാ കവാടത്തിൽ –

നഖം കൊണ്ടെഴുതിയ,

മൂന്നു വാക്കുകൾ !

അവ പ്രളയത്തെ അതിജീവിച്ചു.

പരസ്പരം പ്രണയിച്ചു.

ശേഷം കെട്ടിയാടി.

"കവിത "!

"അമ്മ "!

"മരണം "!

കണി, വാക്കുകൾക്ക് –മേൽ

ആകാശമുട്ടായികൾ–

വിതരണം ചെയ്തു.

കണ്ണുകൾ, പെട്ടെന്ന് –

ചോരയൊലിപ്പിച്ചു.

പുതിയ വാക്കുകൾ ഒഴുക്കിൽ – തടഞ്ഞു.

അവ ഭാഷയക്കു നേരെ,

കത്തിയെറിഞ്ഞു.

ചാരം പൊതിഞ്ഞു കാറി.

അർബുദം ബാധിച്ച വാക്കുകൾ –

നദിയിൽ തള്ളപ്പെട്ടു.

പന്തി–രാണ്ട്–കാലം–മുന്നേ

വസൂരി പിടിച്ച പോൽ

"അക്ഷരങ്ങൾക്ക് മേൽ കത്തിവെച്ചു "!!!

നന്ദി എന്നെ പെറ്റ  അക്കങ്ങൾക്ക്.

ഹനാ അബ്ദുൾ സമീർ

12 B

# ചിത്രത്താളുകളിലൂടെ...




Environmental Day


LITTLE KITES CAMP


Independence Day


Little Kites
School Camp
CHATTANCHAL HIGHER SECONDARY SCHOOL
LITTLE KITES


Onam Celebration


KALOLSAVAM


SCHOOL
KALOLSAVAM


SPORTS DAY


വലയ സൂര്യ ഗ്രഹണവീക്ഷണം


Republic Day
Celebration


Great Achievement Of
SPC Team got first in district
republic day parade
congrats


State district camp participant.
Class: 10 K
District IT quiz: 2nd.
State: B grade.
Extra ordinary
Achievement from
Our little kites
Star...
Scratch programming sub district: 2nd, A grade
District:6th, A grade.
Class: 10 F
State district camp participant.

# MY HOME



Little home my little home,
Nestle me ever settle well.
Jungle near a brook that foam
Tumble over the rock so well.

Old but clean my grassy home,
Farm and garden round it well.
Sparrows, crows and cocks that swarm,
Bunch of keys strikes melodious bell.



Peace and gaiety paved form,
Play and pray with frothing sell.
Sharing solace waving loom,
Peep of day all grace us well.

Pappa, Mother, the pair of bloom,
Love me too much that can't tell.
Land and ocean, shore they form,
That can see this world so well.

Lone but tasting crowd of plum,
Lovely nature fills my bill.
and hail that play my drum,
It is my home at your will.

M.Rajendran .Nair.Karichery

# THE MANGOES



M.Rajendran.Nair

*Sunday, Monday, Tuesday,*
*Some one threw some sharp stones.*
*Fallen fleshes sweet were so much,*
*Gathered them fast, none to seen it.*

*Wednesday, Thursday, Friday,*
*They did the same so nicely.*
*Fetched them they all to the market,*
*Sold them easily, earned money wisely.*

*Saturday He comes with long bag,*
*The empty tree is waiting there.*
*Gazed the tree through olden specs,*
*The redden man goes stamping furiously.*

# SPICE GARDEN



M Rajendran Nair

We can get ready the journey today,
Saranniya said in her simple voice.
The tour rolled onthe thrilling fourth day.
Joyfully we heard her sweet voice.

John had to purchase  a large pack.
But I was eager to see the nice garden.
He was counting the money for pack.
But I took camera to sponge the garden.

Sides of the passages were too nice,
I took the specs  to feel the cold.
Nacked eyes felt it really so  nice,
They could feel the sportive cold.

'Mid day meals at our granting hotel,
The we head to spice garden at night.
John was Jokend to hear the hotel,
I was confused the garden at night.

Mid day meal was vary

tastey to all,
John was hast to purchase the spice.
The passengers were talking one and all,
Why should we purchase hear the spice.

Sarannya,' why should we spice garden at night?
She was free,'it is so nice that of the last day:
Ha,garden may be nice to see also at night.
Sarannya,asked,'Are you tired this last day?.

I thought the night garden may be nice.
Saranny looked deep
on to my two eyes.
Sir,'the food at there will be so nice.
You can't believe your specsy eyes.



John had been keen to
hear her voice,
I was perplexed of the
spice and garden,.
The transparent bus
stood at her voce.
There waited the topest hotel spice garden.

'This is the last supper with me Dishes,
Her sweet voice tumbled in to my plates.
The shinning plates flowered with dishes.
She was sweeping all over the plates.

# Father to son

well,son,I will tell you
life for me ain't been no crystal stair.
It's had difficult in it,
and splinters,
and boards torn up,

and places with no carpet on the floor
bare.
But all the time
I had been a-climbing on,
and reaching corners
and sometimes going in the dark
whether ain't been no light
so,boy,don't you turn back.
Don't you set down on the steps.
Cause you find its kinder hard.
For I'se still going,honey,
I'se still climbing,
And life for me ain't been no crystal stair.

*- Akshay Kumar L.P*
*10-F*

# FAR FROM THE MADDING CROWD

The needles of the clock advanced close together and ended up in a warm hug for a while as couple newly wedded .

12 noon !

The tiny beads within the bell stopped each other deafening the ears .

Tringgg !

The crowded corridor of the old school building reverberated with the loud and
incessant clamours of the boys . They felt like prisoners released on parol after long confinment . Girls holding hands together moved along gracefully through the veranda fixing eyes at the sky to see the probability of the boon of a rain.

" Will the bell ring early? I am getting bored with too much of mathematics"

Meena responded within no time to the anxious query of Seena .

"Oh! It shouldn't ring
early ; don't you
know, we have drill
the last period"

The other girls giggled in appreciation to the reminder . The vigorous smell of the mid-day meal stuffed up the air. Boxes were opened. Diluted solution that you call curries started flowing down like the tear drops of a wailing woman. It spilled over the frock of Meena.

"Why Meenu? Can't your mother make it more dense"

Seena remained in a mood of rebuke. Meena felt a little restless and stopped abruptly with half of the box unfinished yet. She went out. The other girls felt bad about it and chided Seena.

"You and your unwanted comments ;
look she left with half of the meal
untouched."

Will be moving tomorrow mon. He had obtained my TC .
Memories flashed through Meena's mind like a black and white movie played in an old celluloid .
She felt disgusted with everything around. The entire day appeared to be melodrama of events unpleasant. An inexplicable gloom prevaded her entirety.

The last period also passed, instead of running they walk

slowly like snails.The sky looked nebulous while returning back home. Rain strewn all over. Meena thought those were her tears.
That night she couldn't sleep, she could only hear the thunder streaming with her.
The night had expired when she got released from the burden given by the curse of nightmares.
The faint dawn rays have scattered over the courtyard. A bewildered sparrow peeps in through
the tender window-gap and has flown away.
She got restlessly reposed on her bed ensnared by an inexplicable drowsiness.
"girl , isn't it time enough to get up ; you seem to be in a holiday mood ".

She woke up with a shudder . How fast the needles of the clock runs. She must get ready in a hurry or the school clock won't punch for her. The thoughts of Seena started pinching her

when she reached the school, the boys were clamouring with outstretched thoughts.

Girls moved along fixing eyes at the sky counting on the possibility and impossibility of rain

they were packed together in clubbed hands expect her

she longed very much for the hands of seena A shudder passed through her finger as she started at the angry at utter loneliness and feel of separation she feel being far from the madding crowd Seema felt a prick of conscience and went near Meena and extended an apology for provoking her. But it lasted only for a few seconds. They are always like that. Begin dispute all of a sudden, often without course but settled soon.

Next day,

While the bell rang , everyone rushed inside the class. Seena looked moody. Meena was concerned about her.

" You seem to be upset "

any trifle biting you ?"

Seena responded in a gloomy voice.

" I have troubled you a lot but I have to tell you something, This will be my last day at this school.

Meena was disconsolate

"Why?"

Precious pearls of tears dropped down thick and fast from her eyes. She couldn't
suppress her engrossing gloom .

"The curtains of our shared happiness are going to be dropped today. My father is transferred to Chennai. We'll be moving tomorrow mon."

Memories flashed through Meena's mind like a black and white movie played in an old celluloid .

She felt disgusted with everything around. The entire day appeared to be a melodrama of events unpleasant. An inexplicable gloom prevaded her entirety.

The last period also passed, instead of running they walk slowly like snails. The sky looked nebulous while returning back home. Rain strewn all over. Meena thought those were her tears.
That night she couldn't sleep, she could only hear the thunder screaming with her.

The night had expired when she got released from the burden given by the curse of nightmares. The faint dawn rays have scattered over the courtyard. A bewildered sparrow peeps in through the tender window-gap and has flown away. She got restlessly reposed on her bed ensnared by an inexplicable drowsiness.

"Girl , isn't it time enough to get up ; you seem to be in a holiday mood".

She woke up with a shudder . How fast the needles of the clock runs, She thought. She must get ready in a hurry or the school clock won't punch for her. The thoughts of Seena started pinching her.
Will be moving tomorrow mon. He had obtained my TC .

Memories flashed through Meena's mind like a black and white movie played in an old celluloid .
She felt disgusted with everything around. The entire day appeared to be melodrama of events unpleasant. An inexplicable gloom prevaded her entirety.
The last period also passed, instead of running they walk slowly like snails.The sky looked nebulous while returning back home. Rain strewn all over. Meena thought those were her tears.
That night she couldn't sleep, she could only hear the thunder streaming with her.
The night had expired when she got released from the burden given by the curse of nightmares.
The faint dawn rays have scattered over the courtyard. A bewildered sparrow peeps in through
the tender window-gap and has flown away.
She got restlessly reposed on her bed ensnared by an inexplicable drowsiness.
"girl , isn't it time enough to get up ; you seem to be in a holiday mood ".
She woke up with a shudder . How fast the needles of the clock runs. She must get ready in a hurry or the school clock won't punch for her. The thoughts of Seena started pinching her

when she reached the school, the boys were clamouring with outstretched thoughts.
Girls moved along fixing eyes at the sky counting on the possibility  and impossibility of rain
they were packed together in clubbed hands expect her
she longed very much for the hands of seena A shudder passed through her finger as she started at the angry at utter loneliness and feel of separation she feel being far from the madding crowd
When she reached the school, the boys were clamouring with outstretched thoughts.
Girls moved along fixing eyes at the sky counting on the possibility and impossibility of rain, they were packed together in clubbed hands expect her .
She longed very much for the hands of Seena. A shudder passed through her fingers as she stared at the agony of utter loneliness and feel of separation. She felt being far from the madding crowd.....

Zuharath Sitara
VIII. M

# FEAR: LET ME LOVE YOU

Oh! beloved,
you are prisoned,
oh! betrayed,
you are free tonight.
let the caged;
birds sings!

Let me burn those
eyes, yon!
let me kick at your
head,,,
let me sing that
last mellow,,,
'Moon is a harsh mistress'

Demonstration?
Lucky awesome,,,
caught in web?
Seriously awesome,,,

Oh! localised citizen
are you panic?
He is immortal!
He elected twice!
I failed thrice!
Unibic' fire is

arising from
funeral pyre
let me call you by
Love?

Those needs were
rhythmic,
isolated shade’s.
A shadow creeper
Fear,!?!?
Neva, Eva.
Call me by my name!
Am a lesbian!

Hanah Abdul Sameer
12 B

# ലിറ്റിൽ കൈറ്റ്സ് ലീഡേർസ്



ജിതിൻ കൃഷ്ണ(2019-20)



ദീപക് (2018-19)



# നന്ദി



INSIGHT മാഗസിന് വേണ്ടി പ്രവർത്തിച്ച അണിയറ പ്രവർത്തകർക്കും, സൃഷ്ടികൾ സംഭാവന ചെയ്ത യുവപ്രതിഭകൾക്കും നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇതിലെ ഓരോ താളുകളിലെ ജീവിതതുടിപ്പുകളെ അനുഗ്രഹിച്ച പ്രിയപ്പെട്ട മാനേജർ, പി.ടി.എ, പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ,സ്റ്റാഫ്, വിദ്യാർത്ഥികൾ, എല്ലാവർക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

**ഷീബ ബി എസ്**

**കോർഡിനേറ്റർ**